# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .161

06.01.2014-ൽ മറുപടിക്ക്

**<u>മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി 18 ക്ഷേമ പദ്ധതികളും മത്സ്യമേഖലയിലെ അനുബന്ധത്തൊഴിലാളികൾക്കായി 10 ക്ഷേമ പദ്ധതികളും നടപ്പിലാക്കി വരുന്നു. പദ്ധതികളുടെ വിശദ വിവരം താഴെ രേഖപ്പെടുത്തുന്നു.<br><br><u>മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതി</u><br><br>1. ഗ്രൂപ്പ് ഇൻഷ്വറൻസ്<br>2. മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം<br>3. വിവാഹ ധനസഹായം<br>4. വാർദ്ധക്യ കാല പെൻഷൻ<br>5. ആശ്രിതരുടെ മരണാനന്തര ചിലവുകൾക്ക് ധനസഹായം<br>6. അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതക്ക് ധനസഹായ പദ്ധതി<br>7. മത്സ്യത്തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം<br>8. എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്<br>9. കുടുംബ സംവിധാന പദ്ധതി<br>10.മാരക രോഗ ചികിത്സാ പദ്ധതി<br>11.ചെയർമാൻസ് റിലീഫ് ഫണ്ട്<br>12. ബോർഡിന്റെ പ്രത്യേക ധനസഹായം<br>13. പ്രസവ ശുശ്രൂഷയ്ക്കുള്ള ധനസഹായ പദ്ധതി |

<table>
<tr><td></td><td></td><td></td><td>14.ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി<br>15.മത്സ്യത്തൊഴിലാളികളുടെ ബോധവൽക്കരണ പരിപാടി<br>16.വിധവാ പെൻഷൻ<br>17.കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം<br>18.ക്രാഫ്റ്റ് ഇൻഷ്വറൻസ്<br><br><u>അനുബന്ധത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതി</u><br><br>.1 ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി<br>2.വാർദ്ധക്യകാല പെൻഷൻ പദ്ധതി<br>3.അനുബന്ധ തൊഴിലാളികളുടെ മരണത്തിന് ആശ്രിതർക്ക് ധനസഹായം<br>4.പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായത്തിനുള്ള പദ്ധതി<br>5.എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്<br>6.രോഗ ചികിത്സാ ധനസഹായം<br>7.അനുബന്ധ തൊഴിലാളികൾക്കുള്ള വിവാഹ ധനസഹായ പദ്ധതി<br>8.കുടുംബ സംവിധാന പദ്ധതി<br>9.ബോർഡിന്റെ പ്രത്യേക ധനസഹായം<br>10.ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി</td></tr>
<tr><td>ബി)</td><td>മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് വിവാഹ ധനസഹായം, മരണാനന്തര സഹായം, അപകടമരണ സഹായം എന്നീ പദ്ധതികൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ ;</td><td>(ബി)</td><td>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ നൽകുന്നു.
<table>
<tr><th>ക്രമ നം.</th><th>പദ്ധതി</th><th>എണ്ണം</th><th>തുക</th></tr>
<tr><td>1</td><td>വിവാഹ ധനസഹായം</td><td>4984</td><td>7476000</td></tr>
<tr><td>2</td><td>മരണാനന്തര ധനസഹായം</td><td>1858</td><td>9258000</td></tr>
<tr><td>3</td><td>അപകട മരണം, ഇൻഷ്വറൻസ് ധനസഹായം, ചികിത്സാ ധനസഹായം ഉൾപ്പെടെ</td><td>416</td><td>46073290</td></tr>
</table></td></tr>
</table>

| | | | |
|---|---|---|---|
| (സി) | ക്ഷേമനിധി ബോർഡ് നടപ്പാക്കുന്ന ഏതെങ്കിലും ക്ഷേമ പദ്ധതികൾ പ്രകാരമുള്ള തുക കുടിശ്ശികയായിട്ടുണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന മത്സ്യത്തൊഴിലാളി വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അനുബന്ധത്തൊഴിലാളി പെൻഷൻ, എന്നിവ 2013 ആഗസ്റ്റ് മാസം ഉൾപ്പെടെ ഗുണഭോക്താക്കളുടെ അക്കൗണ്ട് വഴി വിതരണം ചെയ്തിട്ടുണ്ട്. 2013 സെപ്റ്റംബർ മാസം മുതൽ 2013 ഡിസംബർ ഉൾപ്പെടെയുള്ള നാല് മാസത്തെ പെൻഷൻ വിതരണത്തിനായുള്ള നടപടി സ്വീകരിച്ച് വരുന്നു. |

Jayasree

സെക്ഷൻ ഓഫീസർ